# <u>പ്രഥമ  ഇന്ത്യാ-ചൈനാ വിദഗ്ധരുടെ ഫോറം, ന്യൂഡെല്ഹി</u>

ഡിസംബര് 10, 2016

പ്രഥമ  ഇന്ത്യാ-ചൈനാ വിദഗ്ധരുടെ ഫോറം, ഡിസംബര് 9-10, 2016 ല് ന്യൂഡെൽഹിയില് നടന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈനീസ് സ്റ്റഡീസ്, ഇന്ത്യന് കൌൺസില് ഓഫ് വേൾഡ് അഫയേഴ്സ് , ചൈനീസ് അകാദമി ഓഫ് സോഷ്യല് സയൻസസ് എന്നിവ സംയുക്തമായിട്ടാണ് ഫോറം സംഘടിപ്പിച്ചത് . മെയ് 2015ല് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി നടത്തിയ ചൈന സന്ദര്ശന വേളയില് ഇന്ത്യയുടെ കേന്ദ്ര വിദേശകാര്യമന്ത്രാലയം , ചൈനീസ് അക്കാദമി ഓഫ് സോഷ്യല് സയൻസസ് എന്നിവ തമ്മില് എത്തിച്ചേർന്ന ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തില് സ്ഥാപിച്ച ഉഭയകക്ഷി വേദിയാണ് ഫോറം

''അടുപ്പമുള്ള ഇന്ത്യാ-ചൈന വികസന പങ്കാളിത്തത്തിലേക്ക് ''എന്ന ആശയത്തിന് കീഴില് , ഫോറം വിവിധ വിഷയങ്ങളില് ആഴമുള്ള ചർച്ചകള് സംഘടിപ്പിച്ചു , അതില് ഇന്ത്യാ-ചൈനയ്ക്കിടയിലെ ബന്ധങ്ങള് ഇന്ത്യ-ചൈന തന്ത്രപ്രധാന വിനിമയം ശക്തിപ്പെടുത്തല് , സാമ്പത്തിക ബന്ധങ്ങള് പ്രോത്സാഹിപ്പിക്കല് , ജനങ്ങള് തമ്മിലുള്ള ബന്ധങ്ങള് ആഴമുള്ളതാക്കുക , മേഖലാ സാമ്പത്തിക , സുരക്ഷാ ഘടന എന്നിവയതില് ഉൾപ്പെടുന്നു . പ്രധാനപ്പെട്ട തന്ത്രപ്രധാന ചിന്തകര്, സാമ്പത്തിക വിദഗ്ധര് , പണ്ഡിതര്, സാമൂഹ്യ ശാസ്ത്രജ്ഞര് എന്നിവര് ഇരു രാജ്യങ്ങളില് നിന്നും പങ്കെടുത്തിരുന്നു

ഇരു രാജ്യങ്ങളിലേയും വിദഗ്ദ്ധരുടെ സമൂഹത്തിന്റെ നിരന്തരമായ തുടരെയുള്ള വിനിമയങ്ങൾക്ക് ഈ ഫോറം ഒരു അവസരമാണ് . പ്രാധാന്യമുള്ള, പരസ്പരം താത്പര്യമുള്ള വിഷയങ്ങളില് ചർച്ചകള് നടത്തുവാനും  ഘടനാപരമായ ഉപദേശങ്ങളും നിർദേശങ്ങളും ഇരു ഭാഗത്തെയും ഗവൺമെന്റുകൾക്ക് നൽകുന്നതിനും ആവശ്യമായ വിശാലമായ ഒരു ചട്ടക്കൂട് വിദഗ്ധർക്കു വേണ്ടി സൃഷ്ടിക്കുവാന് ഫോറത്തിനാകും.ഫോറം ശക്തിപ്പെടുത്തുന്നതിന് തുടരുമെന്ന് ഇരു വിഭാഗവും തീരുമാനിച്ചു

വളരെ തുറന്നതും സൌഹൃദപൂർണവുമായ അന്തരീക്ഷത്തില് ആണ് ചർച്ചകള് നടന്നത് മാത്രവുമല്ല അതിലൂടെ പരസ്പര വിശ്വാസം വർദ്ധിപ്പിക്കുവാനും ഇരു ഭാഗങ്ങളെ കുറിച്ച് കൂടുതല് ധാരണകള് ഉണ്ടാക്കുവാനും സഹായിച്ചു . ഇന്ത്യാ-ചൈന ബന്ധങ്ങള് ആണ്

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പ്രധാന ബന്ധങ്ങളില് ഒന്നെന്ന തങ്ങളുടെ കാഴ്ചപ്പാടില്  ഫോറത്തില് പങ്കെടുത്തവര് ഏകകണ്ഠമായി സമ്മതിച്ചു , ആകെ സങ്കീർണ്ണമായ അന്താരാഷ്ട്ര സ്ഥിതിവിശേഷങ്ങളില് സ്ഥിരത കൊണ്ടുവരാനും ഏഷ്യ-പസഫിക് മേഖലയില് സാമ്പത്തിക വികസനത്തിനും ഇതുവഴി സാധിയ്ക്കും എന്നും അവര് സമ്മതിച്ചു

രണ്ടാം ഇന്ത്യാ-ചൈനാ വിദഗ്ധരുടെ ഫോറം ബെയ്ജിംങ്ങില് 2017 ല് നടക്കും

ന്യൂഡെൽഹി
ഡിസംബര്  10, 2016